(ബി) ആവശ്യമായ രേഖകൾ പൂർണ്ണമായും വകുപ്പിൽനിന്നും കളക്ടറേറ്റിലേയ്ക്ക് കൈമാറാത്തതുമൂലം പെൻഷൻ ലഭിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടുണ്ടോ;

(സി) പെൻഷൻ പാസാകാൻ ആവശ്യമായ രേഖകൾ കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെൻഷൻ അനുവദിക്കാൻ കോഴിക്കോട് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ശ്രീ. കണ്ടൻ 6-8-99-ൽ മരണമടഞ്ഞതിനാൽ അദ്ദേഹത്തിന്റെ കുടുംബത്തിലെ അർഹതപ്പെട്ട അവകാശിക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

36 (2338) സെക്രട്ടേറിയറ്റിലെ സ്മാരക നിർമ്മാണം

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റ് വളപ്പിൽ എന്തെങ്കിലും ശിൽപമോ, സ്മാരകമോ മറ്റെന്തെങ്കിലുമോ സ്ഥാപിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വിശദീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് വളപ്പിൽ ഇപ്രകാരം സ്മാരകമോ ശിൽപമോ സ്ഥാപിക്കുന്നത് സംബന്ധിച്ച് രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക നായകരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇതിന് വേണ്ടി എന്തെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം;

(ഇ) കമ്മിറ്റി രൂപീകരിക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്;

(എഫ്) ഇതിന്റെ ശിൽപി ആരാണ്;

(ജി) ഇതിന് ടെക്നിക്കൽ സാംഗ്ഷൻ നൽകിയതാരാണ്;

(എച്ച്) 6-10-1999-ലെ ജി.ഒ. (ആർ.ടി)7409/99/ജിഎഡി എന്ന ഉത്തരവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഐ) ഈ പണി സംബന്ധിച്ച് 21-12-1999-ൽ 48/ഇഇ/1999-2000 എന്ന നമ്പറിൽ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുമായാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത്; അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജെ) ഈ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെൻഡർ വിളിക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഇതിന് ഒട്ടാകെ എന്ത് ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു; ഇതിന് ഇതുവരെ എന്തു തുക ചെലവായി; ഇതിന്റെ പണി എന്ന് തീർക്കാനാണ് ഉദ്ദേശിക്കുന്നത്;

(എൽ) ഈ പണിയുടെ സൂപ്പർവിഷൻ വർക്ക് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; പ്രസ്തുത വ്യക്തിയുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 100 അടി നീളവും, 50 അടി വീതിയും, 6 അടി ഉയരവുമുള്ള ഒരു ശിൽപം സ്ഥാപിക്കുന്നുണ്ട്.

(ബി) ഇല്ല. ഉദ്യോഗസ്ഥതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്.

(സി)(ഡി)&(ഇ) ഉണ്ട്. ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ചീഫ് ആർക്കിടെക്ട്, കേരള ലളിതകലാ അക്കാദമി സെക്രട്ടറി, ചീഫ് എൻജിനീയർ (ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്സ്) എന്നിവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ.

(എഫ്)ശ്രീ. കെ.പി. സോമൻ

(ജി)&(എച്ച്) മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 6-10-99-ലെ ജി.ഒ.(ആർ.ടി)7409/99/ജിഎഡി പ്രകാരം ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ഐ) ഉണ്ട്. ശ്രീ. കെ.പി. സോമനും, തിരുവനന്തപുരം പൊതുമരാമത്ത് ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത്. പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

(ജെ) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടെൻഡർ വിളിച്ചിട്ടില്ല.

(കെ) 29,93,500 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ഇതുവരെ 10 ലക്ഷം രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. ആറുമാസ കാലയളവിൽ പണി തീർക്കാനാണ് ഉദ്ദേശിക്കുന്നത്.

(എൽ) സൂപ്പർവിഷന് ആരെയും നിയമിച്ചിട്ടില്ല. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ ഇത് സംബന്ധിച്ച പണികൾ മോണിട്ടർ ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

37 (2339) ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥൻമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിയന്ത്രണം വേണമെന്ന് ഭരണപരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly